**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1084** **12/7/2016-ൽ മറുപടിയ്ക്ക്**

**കോഴി വളർത്തൽ കാർഷികവൃത്തിയായി പ്രഖ്യാപിക്കൽ**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ.ഡി.കെ. മുരളി | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം,ക്ഷീരവികസനം, മൃഗശാല വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് കോഴിവളർത്തൽ കാർഷികവൃത്തിയായി പ്രഖ്യാപിച്ചിട്ടുണ്ടോ;എങ്കിൽ ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | എ) 28/3/2015-ലെ സ.ഉ.(പി) നമ്പർ.59/15/കൃഷി പ്രകാരം മുൻസർക്കാർ അംഗീകരിച്ച കാർഷികവികസനനയത്തിൽ കോഴികൃഷിയെയും കൃഷിയായി അംഗീകരിച്ചിട്ടുണ്ട്.(പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) |
| ബി) കാർഷികവൃത്തിയായി കോഴിവളർത്തലിനെ പ്രഖ്യാപിക്കുന്നതുമൂലം കോഴി കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നതെന്നും,ഇവ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ? | ബി) മേൽ കാർഷിക നയത്തിൽ പൗൾട്രി വികസനത്തിനായുള്ള നയങ്ങൾ ചുവടെ ചേർക്കുന്നവയാണ്.<br>നയം216:അന്യസംസ്ഥാനത്തു നിന്നും കൊണ്ടുവരുന്ന ബ്രോയിലർ കോഴികൾക്ക് പ്രവേശന നികുതി ഈടാക്കുകയും പ്രാദേശിക ഉൽപാദനത്തിനെ ഇതിൽ നിന്നും ഒഴിവാക്കുകയും വേണം.<br>നയം217:സംസ്ഥാനത്തെ ഒരു ഇറച്ചിക്കോഴി കർഷകന് ഒരു വർഷത്തെ വിറ്റുവരവിൽ 10 ലക്ഷം രൂപവരെയുള്ള തുകയ്ക്ക് നികുതിയിളവ് നല്കേണ്ടതാണ്.<br>നയം218: ബ്രോയിലർ കൃഷിയെ ഒരു കാർഷിക പ്രവർത്തനമായി കണക്കാക്കി, ഇതിനാവശ്യമായ വൈദ്യുതി ,കാർഷിക വൈദ്യുതി നിരക്കിൽ ലഭ്യമാക്കണം.<br>മേൽ നയങ്ങൾ നടപ്പിലാക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ